**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **04-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭങ്ങളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, <br> ശ്രീ. അൻവർ സാദത്ത്, <br> ഡോ. മാത്യു കുഴൽനാടൻ, <br> ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ <br> (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന 40 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള ചരക്ക് സ്ഥാപനങ്ങൾക്കും 20 ലക്ഷത്തിന് മുകളിൽ വരുമാനമുള്ള സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കും ജി.എസ്. ടി. രജിസ്ട്രേഷൻ നിർബന്ധമായിരിക്കെ വ്യവസായ വകുപ്പ് അവകാശപ്പെടുന്നതുപോലെ കഴിഞ്ഞ മൂന്ന് വർഷങ്ങൾകൊണ്ട് മൂന്ന് ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിരുന്നെങ്കിൽ ഈ സംരംഭങ്ങളുടെ ഭൂരിഭാഗവും സംസ്ഥാനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷനിൽ പ്രതിഫലിക്കുമായിരുന്നില്ലേ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; കാരണം വിശദമാക്കുമോ? | (എ) | സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 പ്രകാരം സാധനങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ വാർഷിക വിറ്റുവരവ് 40 ലക്ഷത്തിന് മുകളിൽ എത്തുമ്പോഴും സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ വാർഷിക വിറ്റുവരവ് 20 ലക്ഷത്തിനു മുകളിൽ എത്തുമ്പോഴും മാത്രം നിർബന്ധമായി ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്താൽ മതിയാകും. സാധനങ്ങളും സേവനങ്ങളും നൽകുന്ന സ്ഥാപനങ്ങൾക്ക് ഇത് 20 ലക്ഷവുമാണ്. <br><br> എന്നിരുന്നാലും, ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 23 അനുസരിച്ച് സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിന് കീഴിലോ, കേന്ദ്ര ജി.എസ്.ടി. നിയമത്തിന് കീഴിലോ ഇന്റഗ്രേറ്റഡ് ജി.എസ്.ടി. നിയമത്തിന് കീഴിലോ നികുതി ബാധ്യത ഇല്ലാത്തതോ, നികുതിയിൽ നിന്നും പൂർണമായും ഒഴിവാക്കപ്പെട്ടതോ ആയ സാധനങ്ങളോ സേവനങ്ങളോ ആണ് നൽകുന്നതെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ജി.എസ്.ടി. രജിസ്ട്രേഷനിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. ഒരു കൃഷിക്കാരൻ ഭൂമിയിൽ കൃഷി ചെയ്തു ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ (ഏലം,കുരുമുളക് മുതലായവ) വിൽപ്പന നടത്തുന്നതിനും നികുതി ഇളവ് ലഭിക്കുന്നതാണ്. കൂടാതെ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴി സാധനങ്ങളും സേവനങ്ങളും സപ്ലൈ ചെയ്യുന്നവർക്ക് ജി.എസ്.ടി. നിയമത്തിന്റെ തുടക്ക കാലത്ത് നിർബന്ധിത രജിസ്ട്രേഷൻ ആവശ്യമായിരുന്നെങ്കിലും പിന്നീട് അത് മുകളിൽ പരാമർശിച്ച വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റപ്പെട്ടു. കൂടാതെ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നൽകപ്പെടുന്ന വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ചില സേവനങ്ങൾക്കും, |

നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി. രജിസ്ട്രേഷനെടുക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്.

കൂടാതെ, കേന്ദ്ര ജി.എസ്.ടി. (റേറ്റ്) വിജ്ഞാപനങ്ങൾ 02/2017 തീയതി:28.06.2017, 12/2017 തീയതി:28.06.2017 മുഖേന, ചില സാധനങ്ങളെയും സേവനങ്ങളെയും ജി.എസ്.ടി. ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഈ ഒഴിവാക്കലുകൾക്ക് വിധേയമായ സാധനങ്ങളും സേവനങ്ങളും നൽകുന്ന സ്ഥാപനങ്ങൾക്ക് സെക്ഷൻ 23 പ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമല്ല.

ഉദാഹരണമായി നികുതി വിധേയമായ രീതിയിൽ പാക്കറ്റ് ചെയ്യപ്പെടാത്ത അരി, ധാന്യങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഓട്സ്, പരിപ്പ് വർഗ്ഗങ്ങൾ (ബദാം, വാൽനട്ട് മുതലായവ) മത്സ്യം, പാൽ, തൈര്, ശർക്കര, കോഫി ബീൻസ്, ഇറച്ചിക്കോഴി(Llive chicken), കരിക്കിൻ വെള്ളം, നീര എന്നിവയും പപ്പടം, ബ്രഡ്, തേങ്ങ, മൺപാത്രങ്ങൾ, പ്രിന്റഡ് ബുക്ക്സ്, ഹാൻഡ്ലൂം, ഹിയറിങ് എയ്ഡ്സ്, മത്സ്യങ്ങൾക്കുള്ള തീറ്റ, പൂജ സാധനങ്ങൾ, വിറക്, കരി, ഓർഗാനിക് വളങ്ങൾ, കാർഷിക ഉപകരണങ്ങൾ(ഹാൻഡ് ടൂൾസ്) തദ്ദേശീയമായ മനുഷ്യ നിർമ്മിത മ്യൂസിക് ഉപകരണങ്ങൾ മുതലായ ചരക്കുകൾ,
ഗവേഷണസ്ഥാപനങ്ങൾ,സർവ്വകലാശാലകൾ,
വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവയുമായി ബന്ധപ്പെട്ട ചില സേവനങ്ങൾ, ഭരണഘടനയുടെ ആർട്ടിക്കിൾ 243 G, 243 W എന്നിവ പ്രകാരം യഥാക്രമം പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കോ ലോക്കൽ അതോറിറ്റികൾക്കോ വേണ്ടി ചെയ്യുന്ന വർക്ക് കോൺട്രാക്ട് ഒഴികെയുള്ള ചരക്കുകൾ ഉൾപ്പെടാത്തതോ അല്ലെങ്കിൽ 25 ശതമാനത്തിൽ താഴെമാത്രം ചരക്കുകൾ ഉൾപ്പെടുന്നതുമായ സേവനങ്ങൾ മുതലായവയും ജി.എസ്.ടി. ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.

ആയതിനാൽ, സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് 40 / 20 ലക്ഷത്തിൽ താഴെയാണെങ്കിൽ ആയവ ജി.എസ്.ടി. രജിസ്ട്രേഷന്റെ എണ്ണത്തിൽ പ്രതിഫലിക്കുകയില്ല. കൂടാതെ, പ്രസ്തുത സംരംഭങ്ങൾ മുകളിൽ സൂചിപ്പിച്ച നികുതി വിധേയമല്ലാത്ത സാധനങ്ങളോ

| | | | |
|---|---|---|---|
| | | | സേവനങ്ങളോ ആണ് നൽകി വരുന്നതെങ്കിൽ ആയവയും ജി.എസ്.ടി. രജിസ്ട്രേഷന്റെ പരിധിക്കുള്ളിൽ വരില്ല. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾ കൂടുതലും ചെറുകിട-ഇടത്തരം മേഖലയിലുള്ളതാണെങ്കിൽ ആയവ ജി.എസ്.ടി. രജിസ്ട്രേഷനു വേണ്ട വാർഷിക വിറ്റുവരവ് പരിധിയിലേക്ക് എത്തിയിട്ടുണ്ടാവണം എന്ന് നിർബന്ധമില്ല.<br><br>എന്നിരുന്നാലും സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന രഹസ്യാന്വേഷണത്തിലൂടെയും രഹസ്യ വിവരങ്ങളുടെയും വാഹന പരിശോധനകളുടെയും അടിസ്ഥാനത്തിൽ നികുതി ബാധകമായ സാധനങ്ങളോ സേവനങ്ങളോ നൽകുന്ന സ്ഥാപനങ്ങൾ നികുതി ബാധകമായ വാർഷിക വിറ്റുവരവ് എത്തിയിട്ടും ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്നുണ്ടെങ്കിലോ അവർ നികുതി വെട്ടിച്ചിട്ടുണ്ട് എന്ന് ബോധ്യമുണ്ടെങ്കിലോ, നിയമം അനുശാസിക്കുന്ന നടപടികളിലൂടെ പ്രസ്തുത വ്യക്തികളെ/ സ്ഥാപനങ്ങളെ കൊണ്ട് ജി.എസ്.ടി. രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും വെട്ടിച്ച നികുതി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.<br><br>ആയതിനാൽ സംസ്ഥാനത്ത് ഒരു വർഷം ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ എണ്ണവും ആ വർഷത്തെ പുതിയ ജി.എസ്.ടി. രജിസ്ട്രേഷന്റെ എണ്ണവും ഒരിക്കലും തുല്യമാകാൻ സാധ്യതയില്ല.<br><br>സംരംഭകവർഷം പദ്ധതി ആരംഭിച്ചത് 2022-23 സാമ്പത്തിക വർഷം മുതലാണ്. 2022 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 26 വരെ ആകെ ആരംഭിച്ച 345,875 സംരംഭങ്ങളിൽ 99 ശതമാനം സംരംഭങ്ങളും സൂക്ഷ്മ വിഭാഗത്തിൽപ്പെട്ടതാണ്. ഇപ്രകാരം ആരംഭിച്ച സംരംഭങ്ങളിൽ, വ്യവസായ വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖേന തുടർന്ന് വരുന്ന സുസ്ഥിരതാ സർവേയുടെ ഭാഗമായി, സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് ജി.എസ്.ടി രജിസ്ട്രേഷൻ പരിധിയെത്തുന്നവരോട് രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നുണ്ട്. ഈ സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് ജി.എസ്.ടി രജിസ്ട്രേഷൻ പരിധിയിലേക്ക് എത്തുന്ന അവസരത്തിൽ അവർ രജിസ്ട്രേഷൻ എടുക്കുന്നതിന് ബാധ്യസ്ഥരാകുന്നതാണ്. |

സെക്ഷൻ ഓഫീസർ